റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ദുരന്ത മാനേജ്മെന്റ് കാര്യക്ഷമമാക്കുക, ദുരന്ത ആഘാതങ്ങൾ ശമിപ്പിക്കുക, ദുരന്തശേഷമുള്ള പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ജില്ലാതല അതോറിറ്റികൾ തുടങ്ങിയവ രൂപീകരിക്കുക തുടങ്ങിയവയാണ് ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഈ ബിൽ ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## കമ്പ്യൂട്ടർവൽക്കരിച്ച കലക്ടറേറ്റുകൾ

*22. [147] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച കലക്ടറേറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് എല്ലാ വില്ലേജ് ഓഫീസുകളേയും കളക്ടറേറ്റുകളേയും കമ്പ്യൂട്ടർ നെറ്റ് വർക്കിലൂടെ ബന്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച കലക്ടറേറ്റ് പാലക്കാട് കളക്ടറേറ്റ് മാത്രമാണ്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഭരണ നവീകരണ പദ്ധതിയിൻ കീഴിൽ സേവന പ്രദാന പദ്ധതികൾക്കായി 77,17,84,337 രൂപ (എഴുപത്തിയേഴ് കോടി പതിനേഴ് ലക്ഷത്തി എൺപത്തി നാലായിരത്തി മുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) നീക്കിവച്ചിട്ടുണ്ട്. കമ്പ്യൂട്ടർ നെറ്റ് വർക്കിംഗിനും ഈ പദ്ധതിയിൽ പ്രമുഖ സ്ഥാനമുണ്ട്.

---

** ശ്രീ. ഡി. സുഗതൻ 5-7-2005-ൽ എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (*146) പരിഗണിക്കപ്പെട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly